**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4953** **14-11-2019 ൽ മറുപടിക്ക്**

**കൊല്ലം ക്രൗതർ മ. സോണിക് ഹാൾ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| എം.മുകേഷ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| കൊല്ലം താലൂക്കിൽ എസ്.പി. ഓഫീസിന് സമീപം സ്ഥിതിചെയ്യുന്ന ക്രൗതർ മസോണിക് ഹാൾ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലാണോ; ഉടമസ്ഥത സംബന്ധിച്ച് തർക്കങ്ങളോ സിവിൽ വ്യവഹാരങ്ങളോ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 149 ൽ റീസർവ്വേ നമ്പർ 18-ൽ പെട്ട 38.26 ആർസ് സർക്കാർ പുറമ്പോക്ക് സ്ഥലത്താണ് ക്രൗതർ മസോണിക് ഹാൾ നിലനിൽക്കുന്നത്. ഫ്രീമേസൺസ് ലോഡ്ജ് സൊസൈറ്റിയ്ക്ക് കുത്തകപ്പാട്ടം നൽകിയ സ്ഥലം വ്യവസ്ഥ ലംഘിച്ചതിനെ തുടർന്നും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ലീസായി പുതുക്കാൻ തയ്യാറാകാത്തതിനാലും പാട്ടം റദ്ദ് ചെയ്ത് സ്ഥലം സർക്കാർ കസ്റ്റഡിയിൽ ഏറ്റെടുക്കുന്നതിന് ജി.ഒ (എം.എസ്) 257/10/ആർ.ഡി തീയതി 29.06.10 പ്രകാരം സർക്കാർ ഉത്തരവായിരുന്നതാണ്. ടി സ്ഥലം കോടതി സമുച്ചയനിർമ്മാണത്തിന് അനുവദിച്ച് ജി.ഒ (എം.എസ്) 105/11/ആർ.ഡി തീയതി 26.02.11 പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കൊല്ലം സബ് കോടതിയിലെ സിവിൽ കേസ് ഒ.എസ്.813/09 നമ്പർ കേസിലെയും ബഹു.ഹൈക്കോടതിയിലെ ഡബ്ല്യൂപി.സി 5379/16 നമ്പർ കേസ്സിലേയും സ്റ്റേ ഉത്തരവുകൾ കാരണം സ്ഥലം സർക്കാർ കസ്റ്റഡിയിൽ ഏറ്റെടുക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ സിവിൽ കേസ് ഒ.എസ് 813/09 നമ്പർ കേസ് തള്ളി തീർപ്പാക്കി 28.02.2019 ൽ കോടതി ഉത്തരവായിട്ടുണ്ട്. തുടർന്ന് സർക്കാർ സ്ഥലമെന്ന് വ്യക്തമാക്കി ടി സ്ഥലത്ത് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഡബ്ല്യൂ.പി.സി 5379/16 നമ്പർ കേസിലെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടില്ല. ഒ.എസ്813/09 നമ്പർ സിവിൽ കേസ് തള്ളിയതിനെതിരെ പാട്ടകക്ഷി ബഹു. ഹൈക്കോടതിയിൽ ഒ.പി (സിവിൽ) 1213/19 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**